(ബി) എങ്കിൽ ഈ ശുപാർശകൾക്കുശേഷം ഉദ്യോഗസ്ഥൻമാരുടെ എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

38 (2340) പ്ലാനിംഗ് ബോർഡിന്റെ പഠന പ്രസിദ്ധീകരണങ്ങൾ

ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം പ്ലാനിംഗ് ബോർഡ് എത്ര പഠന പ്രസിദ്ധീകരണങ്ങളും പ്രചരണ പ്രസിദ്ധീകരണങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്;

(ബി) ഇവയ്ക്കോരോന്നിനും എത്ര പേജ് വീതമുണ്ട്;

(സി) ഇവയുടെ എത്ര കോപ്പി വീതം അച്ചടിച്ചു; ഇവയ്ക്കുവേണ്ടി എന്തു തുക ചെലവായി എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 164 പഠനപ്രസിദ്ധീകരണങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രചരണ പ്രസിദ്ധീകരണങ്ങൾ പ്രസിദ്ധീകരിച്ചിട്ടില്ല.

(ബി) ഓരോ ബുക്കിന്റേയും പേജുകളുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു.†

(സി) ആകെ 1,44,44,184 രൂപ ചെലവായിട്ടുണ്ട്. കോപ്പികളുടെ എണ്ണം സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.†

39 (2341) ജീവൻ രക്ഷാപഥക് ലഭ്യമാക്കാൻ നടപടി

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 6-7-99 രാത്രി വർക്കലയിൽ കിണറ്റിൽ എറിയപ്പെട്ട ലിജി, രജിൻ എന്നീ കുട്ടികളിൽ ഒരാൾ രണ്ടാമത്തെ കുട്ടിയെ വെള്ളത്തിൽ താഴ്ന്നു പോകാതെ ജീവൻ രക്ഷിച്ച സംഭവം നടന്ന ദിവസം പ്രസ്തുത കുട്ടികളുടെ മാതാപിതാക്കൾ മരണപ്പെട്ട വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവരുടെ മരണകാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) ഈ കുട്ടികൾ ഇപ്പോൾ ആരുടെ സംരക്ഷണത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) നിരാശ്രയരും, ദരിദ്രകുടുംബത്തിലെ അംഗങ്ങളുമായ പ്രസ്തുത കുട്ടികൾ സംഭവം നടന്ന് മൂന്നുമാസത്തിനുള്ളിൽ ജീവൻരക്ഷാപഥ

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ക്കിന് അപേക്ഷിച്ചില്ല എന്ന കാരണമുന്നയിച്ച് ഇത് നിഷേധിക്കുന്നത് ഒഴിവാക്കാൻ ബന്ധപ്പെട്ട എം.പി. മുഖാന്തിരം കേന്ദ്രസർക്കാരിനും രാഷ്ട്രപതിക്കും നിവേദനം നൽകുവാൻ നടപടികൾ സ്വീകരിക്കുമോ;

(ഇ) ഇക്കാര്യത്തിൽ മുഖ്യമന്ത്രി ഇൻഡ്യൻ പ്രധാനമന്ത്രിക്ക് കത്ത് അയയ്ക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രസ്തുത സംഭവത്തിനുശേഷം കുട്ടികളുടെ പിതാവ് ശ്രീ. രാജേന്ദ്രൻ തൂങ്ങിമരിച്ചതായി വിവരം ലഭിച്ചിട്ടുണ്ട്. മാതാവ് മരണപ്പെട്ടിട്ടില്ല.

(ബി) രാജേന്ദ്രന്റെ മരണകാരണം കുടുംബകലഹമാണെന്നറിയുന്നു.

(സി) കുട്ടികൾ മാതാവ് ശ്രീമതി ഉഷയുടെ സംരക്ഷണത്തിലാണ്.

(ഡി)&(ഇ) ഇതു സംബന്ധിച്ച അപേക്ഷ ബന്ധപ്പെട്ട ജില്ലാകളക്ടറിൽനിന്നും ലഭിക്കുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

40 (2342) പദ്ധതി ചെലവുകൾ സംബന്ധിച്ച അവലോകനം

ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ പദ്ധതി ചെലവുകൾ സംബന്ധിച്ച അവലോകനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഈ സാമ്പത്തികവർഷം ഒക്ടോബർ 31 വരെ എത്ര ശതമാനം പദ്ധതി തുക ചെലവഴിച്ചിട്ടുണ്ട്; ഇത് സംസ്ഥാന പദ്ധതി വിഹിതത്തിന്റെ എത്ര ശതമാനമാണ്;

(സി) പദ്ധതിചെലവ് കഴിഞ്ഞ സാമ്പത്തിക വർഷവുമായി തുലനം ചെയ്തിട്ടുണ്ടോ; എങ്കിൽ പദ്ധതി ചെലവിൽ ഇതുവരെ എത്ര ശതമാനം കുറവ് ഉണ്ട്; ഇതിന് കാരണമെന്താണ്;

(ഡി) എസ്.സി.പി, ടി.എസ്.പി ഇനത്തിൽ വിവിധ വകുപ്പുകൾ എത്ര ശതമാനം തുക ചെലവഴിച്ചു; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. വാർഷിക പദ്ധതി നടത്തിപ്പിലെ പുരോഗതി ഓരോ മാസവും ചീഫ് സെക്രട്ടറി തലത്തിൽ വിലയിരുത്തി മുഖ്യമന്ത്രിക്കു റിപ്പോർട്ട് സമർപ്പിച്ചുവരുന്നുണ്ട്. ഏറ്റവും ഒടുവിൽ 13-3-2000-ലും ഇത്തരത്തിലുള്ള അവലോകനം നടത്തിയിട്ടുണ്ട്.

കൂടാതെ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ, ഉദ്യോഗസ്ഥൻമാരുടെയും ബന്ധപ്പെട്ട വകുപ്പുമന്ത്രിമാരുടെയും ഒരു യോഗം 1999 നവംബർ 4-ാം തീയതി വിളിച്ചു ചേർക്കുകയും 1999-2000 വർഷത്തെ വാർഷിക പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്യുകയും ചെയ്തു.

ഇതിനും പുറമേ, 2000 ജനുവരി മാസം വരെയുള്ള പുരോഗതി സംസ്ഥാന മന്ത്രിസഭ വിലയിരുത്തുകയും അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഈ സാമ്പത്തിക വർഷം ഒക്ടോബർ 31 വരെ 1081.14 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത് പദ്ധതി വിഹിതത്തിന്റെ 33 ശതമാനമാണ്.

LIBRARY ARCHIVES Kerala Legislative Assembly